# ഒരു പൊന്നാനിക്കാലത്തിൻെറ ഓർമ

ടി. വേണുഗോപാലൻ

ഞാൻ പൊന്നാനി എ.വി. ഹൈസ്കൂളിൽ എട്ടാം ക്ളാസിലേക്കു ജയിച്ചു നിൽക്കുമ്പോൾ, ഒരു പരപ്പനങ്ങാടിക്കാരൻ ശങ്കരനാരായണൻ എന്റെ സഹപാഠിയായി ചേർന്നു. പരപ്പനങ്ങാടിയിൽ അന്ന് ഹൈസ്ക്കൂളുണ്ടായിരുന്നില്ല. ശങ്കരനാരായണന്റെ അച്ഛൻ പൊന്നാനിക്കാരനായിരുന്നു. എന്റെ അച്ഛന്റെ അടുത്ത സുഹൃത്തും. കുട്ടിക്കാലത്തു ഞാൻ അച്ഛനമ്മമാരുടെ കൂടെ പരപ്പനങ്ങാടിയിലുള്ള അവരുടെ വീട്ടിൽ പോയത് ഓർമയുണ്ട്. കാരണം, അവർക്കു കൊടുക്കാൻ കൊണ്ടുപോയ സാധനമാണ്- പൊരിച്ച മീൻ.

ഹൈസ്ക്കൂളിൽ ചേരാൻ അച്ഛനും മകനും കൂടി നേരെ വന്നത് ഭരതപ്പുഴയുടെ ചമ്രവട്ടം കടവു കടന്ന് തൊട്ടടുത്തുള്ള എന്റെ വീട്ടിലേക്കാണ്. ക്ളാസിൽ ഞങ്ങൾ വളരെ അടുപ്പത്തിലായി.

പൊന്നാനിയിൽ പഠിക്കുന്ന കാലത്ത് ശങ്കരനാരായണൻ സുപ്രസിദ്ധ ചരിത്രകാരനും 'കുപ്രസിദ്ധ' വിവാദ പുരുഷനുമായ ഡോ. എം.ജി.എസ്. നാരായണൻ ആവുന്നതിന്റെ ഒരു ലക്ഷണവും കണ്ടില്ല. ഒരു പാഠ്യവിഷയം എന്നതിൽ കവിഞ്ഞ് ചരിത്രത്തെക്കുറിച്ച് ഞങ്ങൾക്ക് അന്ന് ഒരു ധാരണയുമില്ലല്ലോ. ശങ്കരനാരായണനാണെങ്കിൽ പച്ചപ്പാവം. ഈച്ചയെപ്പോലും ഭയമായിരുന്നു. ഇന്നിപ്പോൾ കാറിൽ മാർക്സിനെപ്പോലും പേടിയില്ല!

ഞങ്ങൾ പൊന്നാനിക്കാരൊക്കെ കവികളാണ്. കവിത എഴുതാതിരിക്കാൻ വയ്യ. നാലക്ഷരം പഠിച്ചു കഴിഞ്ഞാൽ കവിതയെഴുത്തു തുടങ്ങും. അക്കൂട്ടത്തിൽ ദ്രോഹബുദ്ധിയില്ലാത്തവരായി ജനങ്ങൾക്കു തോന്നിയ കുറച്ചുപേരേ വളർന്നു പേരെടുത്തുള്ളു. വളരുമായിരുന്ന ചിലർക്ക് അതിൽ ഇട കിട്ടിയില്ല. ഇടശ്ശേരിയേക്കാൾ വലിയ കവിയാവുമെന്നു തോന്നിച്ച സമപ്രായക്കാരൻ ഇ. നാരായണൻ ഇരുപത്തിയൊന്നാം വയസ്സിൽ മരിച്ചു. ഹൈസ്ക്കൂളിൽ പഠിക്കുന്ന സമയത്ത് ഞങ്ങളുടെ രണ്ടു കൊല്ലം സീനിയറായ കടവനാട് കുട്ടികൃഷ്ണനേക്കാൾ വലിയ കവി എന്നു തോന്നിച്ച സതീർഥ്യ ആനന്ദവല്ലി ജീവിത പ്രാരാബ്ധത്താൽ കവിത വാർന്നുപോയി കോഴിക്കോട്ട് ഒരു സർക്കാരാപ്പീസിൽ ആനന്ദവല്ലിയമ്മയായി കഴിഞ്ഞു. ഹൈസ്ക്കൂളിൽ അന്ന് ഒരു സാഹിത്യ സമ്മേളനത്തോടനുബന്ധിച്ച് നടന്ന കവിതാമത്സരത്തിൽ ആനന്ദവല്ലിക്ക് ഒന്നാം സമ്മാനവും കടവനാടിന് രണ്ടാം സമ്മാനവുമായിരുന്നു. രണ്ടുപേരും സമ്മേളനത്തിൽ കവിത ചൊല്ലി. അതുകേട്ട് മഹാകവി വള്ളത്തോളിന്റെ മരുമകളും 'നൂർജഹാൻ' എന്ന കൃതിയുടെ കർത്താവുമായ രാജം കുറുപ്പ് ആനന്ദവല്ലിക്ക് ഒരു പ്രത്യേക സമ്മാനം കൊടുത്തു.



പൊന്നാനി, പ്രമുഖരായ എഴുത്തുകാരുടെയും ചിത്രകാരന്മാരുടെയും നാട്. ഇങ്ങനെയൊരു ദേശം കേരളത്തിൽ വേറെയുണ്ടോ എന്നു സംശയം. അവിടെ ജനിച്ചു വളർന്ന പ്രശസ്ത പത്രപ്രവർത്തകൻ ടി. വേണുഗോപാലൻ പഴയ കാര്യങ്ങൾ പുതുമയോടെ ഓർത്തെടുക്കുന്നു.

ഏതായാലും ഈ അന്തരീക്ഷത്തിൽ വന്നുപെട്ടതുകൊണ്ടാവാം എം.ജി.എസ്സിനും കവിതക്കമ്പമായി. ഞങ്ങൾ മത്സരിച്ചു കവിതയെഴുതാൻ തുടങ്ങി. പുല്ലിനും ചെടിക്കും പൂക്കൾക്കും നക്ഷത്രങ്ങൾക്കുമൊന്നും രക്ഷയില്ലാതായി. പക്ഷേ, പെൺകുട്ടികളെ ഞങ്ങൾ വെറുതെ വിട്ടു. പൊന്നാനിക്കവികൾ പ്രണയകവിത എഴുതാറില്ല. ചങ്ങമ്പുഴയോട് മത്സരിച്ചിട്ടുമില്ല. ഇടശ്ശേരിക്കവിത തപ്പിനോക്കിയാൽ

"ബാലേ, വാഴേണമെന്നോ പരിമള
മിളകുന്നോരു മാലേയപങ്കം
പോലെ നീയപ്പുറത്തും പ്രണയ
ചകിത നീ-
ഞാൻ വിയർത്തിപ്പുറത്തും!"

എന്നൊക്കെയുള്ള ചില വരികൾ കണ്ടെടുക്കാം- ഇല്ല, ശരിയാവില്ല. സ്രഗ്ദ്ധരാവൃത്തത്തിൽ, അതും ആ മുഴങ്ങുന്ന ശൈലിയിൽ, എന്തു പ്രണയകവിത! ശരി, സ്രഗ്ദ്ധരും ശാർദ്ദൂലവിക്രീഡിതവുമൊക്കെ ഉപേക്ഷിച്ചു നോക്കാം:

"ചരിതാർഥതയ്ക്കെന്തേ ലോപ-
മിച്ചെറു കത്തിൽ
സ്ഫുരിതശോഭം മിന്നുമക്ഷര-
മോരോന്നുമേ,
വ്യക്തമായ് പറയുന്നു,ണ്ടെൻ
നേർക്കു നിൻ ചിത്തത്തിൻ
വ്യഗ്രതയിങ്കൽ മിന്നിത്തിളങ്ങും
ഭാവങ്ങളെ
എങ്കിലുമോർത്തീടുകയാണു ഞാ,
നപ്പോഴെന്തേ,
മംഗളേ, വേണ്ടെന്നാക്കീ
കത്തിതിൽ സംബോധനം?
പണ്ടുമിമ്മട്ടുണ്ടൊന്നു വിരിയാൻ
തന്നോമന-
ച്ചുണ്ടി,ലതാൺപൂവെന്നോ
വയ്യോതാൻ പെൺപൂവെന്നോ?"

എന്തുകാര്യം? ആ സ്വരം എന്തു ചെയ്യും! അതുകൊണ്ട് ഇടശ്ശേരി 'കാവിലെ

പാട്ടും' 'പെങ്ങളും' 'പണിമുടക്ക്'വും എഴുതി.

"നീരസം മതി, നിമേഷമെന്നിലും
നീ രസിക്ക, നിരസിക്ക കാന്തനെ"

എന്നും 'മദമധുകരനിര നിരവധി തോരണമുണ്ടാക്കി' എന്നും മേളപ്പദമാവാം; 'പൂതപ്പാട്ടി'ലെപ്പോലെ മുലപ്പാലിന്റെ മധുരം നിറയ്ക്കാം; 'പുത്തൻകലവും അരിവാളും' എന്ന കൃതിയിലെന്നപോലെ നെൽപ്പാടത്തിന്റെ മണം പിടിക്കാം. അതിൽ കവിഞ്ഞൊന്നും ആവില്ല. പൊന്നാനി വസന്തകോകിലങ്ങളുടെ ഉപവനമായിരുന്നില്ല. കൃഷ്ണപ്പരുന്തുകളുടെ വിഹായസ്സായിരുന്നു.

പഴയ പൊന്നാനിക്കളരിയെപ്പററി എനിക്കും എം.ജി.എസ്സിനും കേട്ടറിവേ ഉള്ളൂ. കുട്ടികൃഷ്ണമാരാരും ഇ.പി. സുമിത്രനുമൊക്കെ നേതൃത്വം വഹിച്ച കാലം; ഇടശ്ശേരിയും ഇ. നാരായണനനും പി.സി. കുട്ടിക്കൃഷ്ണനുമൊക്കെ ഒളിഞ്ഞുനോക്കിനിന്നിട്ടുണ്ടാകാവുന്ന കാലം. അതൊക്കെ ഞാൻ എലിമെന്ററി സ്കൂളിൽ പഠിക്കുമ്പോഴാണ്.

ഇടശ്ശേരിയെ എനിക്കു കുട്ടിക്കാലത്തേ അറിയാം. വീട്ടിൽ നിത്യൻ. അച്ഛന്റെ അടുത്ത ചങ്ങാതിയായ വക്കീൽ ഗുമസ്തൻ - അത്രയേ അറിയൂ. ഇ.പി. സുമിത്രൻ ഞാൻ പിന്നെ പഠിച്ച പൊന്നാനി മിഷ്യൻ സ്കൂളിന്റെ ഹെഡ്മാസ്ററർ. താൻ ഒററയ്ക്ക് ഒരു ഭാഗത്തും വിദ്യാർഥികളെല്ലാവരും മറുഭാഗത്തുമായി അക്ഷരശ്ലോകക്കാരുണ്ടായിരുന്നു താനും. പി.സി. കുട്ടികൃഷ്ണനെ ആദ്യം കണ്ടത് സ്കൂൾ വാർഷികത്തിനു നാടകം പഠിപ്പിക്കാൻ വന്നപ്പോഴാണ്. വള്ളത്തോൾ തർജ്ജമയായ 'ഊരുഭംഗ'മായിരുന്നു നാടകം. അതിൽ അദ്ദേഹം ദുര്യോധനന്റേയും ഭീമന്റേയും ദ്രോണരുടെയുമൊക്കെ ഭാഗങ്ങൾ അഭിനയിപ്പിച്ചു ഫലിപ്പിച്ചു കുട്ടികൾക്കു കാണിച്ചുകൊടുക്കുന്നതു ഞാൻ നോക്കിനിൽക്കും.

ഞങ്ങൾക്ക് കണ്ണും കാതും ഉറയ്ക്കുമ്പോഴേക്ക് മാരാരും സുമിത്രൻ മാഷും പൊന്നാനിവിട്ടിരുന്നു. എങ്കിലും മാരാർ വലിയ നിരൂപകനാണെന്ന് അറിഞ്ഞു. സുമിത്രൻമാഷ് നിരൂപകനും സാമ്പത്തിക വിദഗ്ദ്ധനുമാണെന്ന് മനസ്സിലായി. ഇടശ്ശേരിയുടെ ആദ്യ കവിതാസമാഹാരമായ 'അളകാവലിക്ക്' (1940-ൽ) സുമിത്രൻ മാഷ് ഇംഗ്ലീഷിലും മാരാർ മലയാളത്തിലുമെഴുതിയ അവതാരികകളും മാഷ് 'കണ്ണുനീർത്തുള്ളി'ക്ക് മലയാളത്തിലെഴുതിയ അതിശ്രേഷ്ഠപഠനവും പിന്നീട് വായിച്ചു. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ മാഷിന്റെ ധനകാര്യ ലേഖനങ്ങൾ കാണാൻ തുടങ്ങി. ഞാൻ എപ്പോഴും കാണുന്ന വക്കീൽ ഗുമസ്തൻ ഇടശ്ശേരി വലിയ കവിയാണെന്നറിഞ്ഞ് അദ്ഭുതപ്പെട്ടു. പി.സി. കവിതയും കഥയും എഴുതുമത്രെ!



എൻ. വി. കൃഷ്ണവാരിയർ



കെ. കേളപ്പൻ



പി. ശങ്കരൻ നമ്പ്യാർ



എൻ. എൻ. കക്കാട്

മിരച്ചുപോയ ഇ. നാരായണൻ താനേറെ അസൂയപ്പെട്ട കവിയാണെന്ന് ഇടശ്ശേരി പിന്നെ പറഞ്ഞുതന്നു. മാരാർ അടിമുടി അംഗീകരിച്ച പൊന്നാനിക്കവി നാരായണനാണത്രെ. ഒരിക്കൽ, മാരാർ ഉൾപ്പെട്ട ചെറുസദസ്സിൽ നാരായണൻ ഒരു കവിത വായിക്കുകയായിരുന്നു. അതിലെ,

"തെന്നല,ലയ്ക്കുമിലപ്പഴുതിലൂടെ
വന്നെത്തും വെണ്ണിലാവുമ്മവെക്കെ
മാമരച്ചോട്ടിൽ കിടക്കും നിഴലുകൾ
നാണിച്ചങ്ങിങ്ങു മുഖം തിരിപ്പൂ"

എന്ന വരികൾ ചൊല്ലിക്കേട്ടപ്പോൾ മാരാർ എഴുന്നേറ്റുനിന്ന് 'ബലേ' എന്നാർത്ത് കൈയടിച്ചത് എന്തുമാത്രം അസൂയയോടെയാണ് ഇടശ്ശേരി വിവരിച്ചു തന്നതെന്നോ! ആ 'ദുഷ്ട'ന്റെ തന്നെ,

"കൈപ്പത്തടങ്ങളും പൈക്കൾ തൻ തൊട്ടിയു-
മൊപ്പം നനച്ചും നിറച്ചും തീർന്നാൽ
കേട്ടിടാം തച്ചലൽപിച്ചളക്കൈവള-
ക്കൂട്ടം ചിരിപ്പതുരൽപ്പുരയിൽ"

എന്നതിൽ ശബ്ദം കൊണ്ടു തന്നെ അർഥമുണ്ടാക്കി നെല്ലുകുത്തിന്റെ വാങ്മയ ചിത്രമുണ്ടാക്കുന്ന വിദ്യയും ഇടശ്ശേരി വിവരിച്ചു തന്നിട്ടുണ്ട്.

എന്റെ അമ്മാവൻ ഗോപാലക്കുറുപ്പിന്റെ പ്രോത്സാഹനത്തോടെ ഞാനും എം.ജി.എസ്സും പൊന്നാനി സാഹിത്യസദസ്സിലേക്ക് ഒളിഞ്ഞുനോക്കാൻ തുടങ്ങി. നിമിഷ നാടകകൃത്തും പ്രസിദ്ധനടനുമായ അമ്മാമൻ പണ്ടേ പൊന്നാനി സദസ്സിലെ സ്ഥിരാംഗമായിരുന്നു. അമ്മാമന്റെ വീട്ടിൽ നാട്ടുകാരും ബന്ധുക്കളുമായ എന്റെ നാലഞ്ചു സഹപാഠികൾ രാത്രി ഒത്തുചേരും. കോൺഗ്രസ് നേതാവു കൂടിയായിരുന്ന അമ്മാമൻ രാഷ്ട്രീയം പറഞ്ഞു തരുന്നതോടൊപ്പം കവി

ശിക്ഷണവും നൽകും. അയൽക്കാരനും ചെറുപ്പക്കാരനുമായ കവിതക്കമ്പക്കാരനും ജ്യോത്സ്യനുമായ കുട്ടൻപണിക്കരും അവിടെ ഉണ്ടാവും. കവിത ഇല്ലാത്ത വിദ്യാർഥി രാഷ്ട്രീയക്കാരൻ എ.വി. ചന്ദ്രനും വരും. അമ്മാമനെ രാഷ്ട്രീയ നേതാക്കൾ കാണാൻ വരുമ്പോൾ, 'ഗാന്ധി' ചന്ദ്രന്റെ ദിവസമാണ്. ഉഗ്ര പ്രാസംഗികൻ എ.വി. അബൂബക്കറും വി.പി. കുഞ്ഞിരാമക്കുറുപ്പുമൊക്കെ വരുമ്പോൾ അവരും അമ്മാമനും ചന്ദ്രനുമൊക്കെ ചേർന്ന് ചൂടുപിടിച്ച ചർച്ചയാണ്. ഞങ്ങൾ കേട്ടിരിക്കും. ഞങ്ങളുടെ കൂട്ടത്തിലുള്ള എം. പ്രഭാകരൻ പ്രാസംഗികനും കവിയുമാണ്. ആ പതിമൂന്നാം വയസ്സിൽ ചങ്ങാതി,

"കാലത്തു തൻ കാലിയുമായി
നിത്യ-
വേലയ്ക്കു പോകുന്നൊരു
കർഷകന്റെ
ലീലാരസോദ്യാനമതായ പാട
ത്താലാപനങ്ങൾ മധുരം,
മനോജ്ഞം."

എന്ന് കുറ്റിപ്പുറത്തു കേശവൻ നായരെ ഓർമ്മിപ്പിക്കുന്ന തരത്തിൽ കവിത എഴുതും. അതേ പ്രായക്കാരനായ പി.ടി. രാധാകൃഷ്ണൻ.


"സംസ്കാരങ്ങളെ കൊത്തുന്ന
കാക്കകൾ
പുംസ്കോകിലങ്ങളായ് മാറിടട്ടെ"
എന്നും
"കല്യാണത്തിനു വന്നിടുന്നതിഥികൾ തിങ്ങുന്ന ദിക്കാണതെ-
ന്നെല്ലാവർക്കുമറിഞ്ഞിടാമവിടെയു-
ണ്ടാകുന്ന കോലാഹലാൽ"

എന്നും ആശാന്റെ രീതി പിടിച്ചെഴുതും. കുട്ടൻപണിക്കർ ശ്ലോകങ്ങളുടെ ശയ്യാഗുണം കൊണ്ടും ഇതിവത്ത സ്വഭാവംകൊണ്ടു് ഒടുവിൽ കുഞ്ഞുകൃഷ്ണമേനോനെയാണ് ഓർമിപ്പിച്ചത്. പ്രഭാകരന്റെ അമ്മയുടെ ജ്യേഷ്ഠത്തിയുടെ മകനായ എം. ചന്ദ്രൻ ഗായകനും കളിക്കാരനുമായിരുന്നു; അല്പം കവിതയുമുണ്ട്.

ഒരുദിവസം ഞങ്ങളെ ഇരുത്തി അമ്മാമൻ പറഞ്ഞു: "ഇന്നു നമുക്ക് അക്ഷരശ്ലോകം ചൊല്ലാം. സ്വന്തമായി ഉണ്ടാക്കുന്ന ശ്ലോകങ്ങളെ ചൊല്ലാവൂ." കൊടുങ്ങല്ലൂർ കവികൾക്കുശേഷം ആരെങ്കിലും ആ അഭ്യാസം കാണിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അമ്മാമൻ അക്ഷരം കിട്ടിയാൽ ഉടൻ ശ്ലോകം ചൊല്ലും. ഞങ്ങൾ പത്തു പതിനഞ്ചു മിനുട്ടെടുത്ത് മുടന്തൻ ശ്ലോകം ഉണ്ടാക്കും. കൂടുതൽ സ്പീഡ് ഒടുവിലിന്റെ വഴിക്കുപോയ കുട്ടൻപണിക്കർക്കായിരുന്നു.


ഉറൂബ്


ഇടശ്ശേരി


ആർ. രാമചന്ദ്രൻ

കുട്ടൻപണിക്കർ നേരത്തേ മരിച്ചു; മദിരാശിയിലെ ജോലിയിൽനിന്നു വിരമിച്ച ഉടനെ രാധാകൃഷ്ണൻ മരിച്ചു. പ്രഭാകരൻ കൽക്കത്തയിലും ദൽഹിയിലുമായി ജോലി നോക്കി. ഇപ്പോൾ ചെന്നൈയിൽ മകളുടെ കുട്ടിയെ നോക്കി ഭാര്യയോടൊപ്പം വിശ്രമജീവിതം നയിക്കുന്നു. കൽക്കത്തയിലെ ജോലിയിൽനിന്നു വിരമിച്ച എം. ചന്ദ്രൻ നാട്ടിൽ കുറച്ചുകാലം കഴിച്ച് ഇപ്പോൾ കോഴിക്കോട്ട് സ്ഥിരതാമസമാക്കി രോഗിയായി കഴിയുന്നു. 'ഗാന്ധി' ചന്ദ്രൻ ലഖ്നോവിലെ ഒരു കമ്പനിയിൽ കുറേക്കാലം പണിയെടുത്ത് പിന്നെ ഡൽഹിയിൽ വ്യവസായിയായി. ഇപ്പോൾ അതൊക്കെ മതിയാക്കി കോഴിക്കോട്ട് ആർക്കിടെക്ടായ മകന്റെ കൂടെ കഴിയുന്നു. വീണ്ടും ഞങ്ങളുടെ പുനസ്സമാഗമം. പ്രഭാകരനുമായി ഞാനും എം.ജി.എസ്സും ഇപ്പോഴും സൗഹൃദം തുടരുന്നു.

അതിനിടയ്ക്ക് ഒരു ആശാഭംഗം. ഫുട്ബോൾ കളിക്കാരനായിരുന്ന എനിക്ക് എം.ജി.എസ്സിനെ കളിക്കാരനാക്കാൻ മോഹം. ഒരുദിവസം ഞാൻ പുള്ളിയെ ഗ്രൗണ്ടിലേക്കു കൊണ്ടുപോയി. പന്ത് വച്ചു കൊടുത്തു. ഒരു മുന്നടി പിന്നോട്ടു വന്ന് ഓടി പന്ത് അടിക്കാൻ നിർദേശം കൊടുത്തു. എം.ജി.എസ്സ് പറഞ്ഞപോലെ ചെയ്തു. നോക്കുമ്പോൾ, പന്ത് അനക്കമില്ലാതെ അവിടെത്തന്നെ ഇരിപ്പുണ്ട്. ആൾ മലർന്നടിച്ചു വീണുകിടക്കുന്നു. അതോടെ, എം.ജി.എസ്സിന്റെ സ്പോർട്സ് ജീവിതം അവസാനിച്ചു; കോച്ച് ആവാനുള്ള എന്റെ മോഹവും.

എം.ജി.എസ്സ് അക്കാലത്ത് ഇടയ്ക്ക് ഈശ്വരമംഗലത്തുള്ള എന്റെ വീട്ടിൽ വരും. ഞങ്ങൾ ഭാരതപ്പുഴയുടെ മണപ്പുറത്തുപോയി ഇരിക്കും. ഇടയ്ക്ക് അയാൾ പോക്കറ്റിൽനിന്ന് പെൻസിലും ഒരു ചെറിയ നോട്ടുപുസ്തകവുമെടുത്ത് എന്തോ എഴുതുന്നതു കാണാം. എന്താണ് ചെയ്യുന്നതെന്നു ചോദിച്ചപ്പോൾ, പ്രകൃതി ഭംഗിയും മറ്റും കണ്ട് അപ്പപ്പോൾ തോന്നുന്ന വരികൾ കുറിച്ചിടുകയാണെന്നു പറഞ്ഞു. അത്രയും ജനദ്രോഹവാസന ഞാൻ കാണിച്ചിട്ടില്ല.

ഇടയ്ക്ക് ഞാൻ എം.ജി.എസ്സിന്റെ തൃക്കാവിലുള്ള വീട്ടിൽ ചെല്ലും. ഒരുദിവസം എന്നോടു പറഞ്ഞു: നമുക്ക് ഒരാളെ കാണാൻ പോകേണ്ടതുണ്ടെന്ന്. ഒരു വാസുദേവൻ. ചിത്രം വരയ്ക്കും. ചെന്നു കണ്ടു. ഏതാണ്ട് ഞങ്ങളുടെ പ്രായക്കാരൻ. ചില പ്രകൃതിദൃശ്യങ്ങൾ വരച്ചുവെച്ചിട്ടുണ്ട്. കരിക്കട്ട പൊടിച്ച് എന്തോ ഇല പിഴിഞ്ഞ് കലക്കിയാണ് ചിത്രരചന. പൊന്നാനിയിൽ അക്കാലത്ത് എവിടെയാണ് ചായം! കറുത്ത നിറത്തിലാണെങ്കിലും ചിത്രങ്ങൾ വളരെ നന്നായി തോന്നി. പക്ഷേ, അതിനേക്കാൾ എന്നെ അദ്ഭുതപ്പെടുത്തിയത് കളിമണ്ണു കൊണ്ടുണ്ടാക്കിയ പ്രതിമകളാണ്. രാഷ്ട്രീയ നേതാക്കളുടെ തലകൾ. വാസുദേവൻ അന്നേ ഇന്നത്തെ ആർട്ടിസ്റ്റ് നമ്പൂതിരിയായി ചിറകുവിടർത്തിത്തുട

ങ്ങിയിരുന്നുവെന്ന് ഞങ്ങളോ അദ്ദേഹമോ അപ്പോൾ അറിഞ്ഞില്ല. കരിക്കട്ട കൊണ്ട് ചായമുണ്ടാക്കിയ കലയിലെ നമ്പൂതിരി വിദ്യ ഞാൻ ഇപ്പോഴും ഓർക്കുന്നു.

നമ്പൂതിരിയുടെ സ്വാധീനത്തിൽപെട്ട് ഞാനും എം.ജി.എസ്സും ചിത്രം വരയ്ക്കാൻ തുടങ്ങി. പടം നോക്കി രാഷ്ട്രീയ നേതാക്കളുടെയും സിനിമാതാരങ്ങളുടെയും ഛായ കഷ്ടിച്ചു പകർത്താനേ എനിക്കു കഴിഞ്ഞിള്ളു. എം.ജി.എസ്സ് കൂടുതൽ നല്ല ചിത്രകാരനായിരുന്നു. സ്കൂൾ മത്സരങ്ങളിൽ അയാൾക്ക് സമ്മാനം കിട്ടാനും തുടങ്ങി. ഞങ്ങളുടെ സാഹിത്യപരിശ്രമങ്ങളിൽ പ്രോത്സാഹിപ്പിച്ചിരുന്ന ഹൈസ്ക്കൂളിൽ മലയാളം മുൻഷി സി.ജി. വാരിയർ- വയസ്സുകാലത്ത് വാല്മീകി രാമായണം മുഴുവൻ ഗദ്യപരിഭാഷയായി പ്രസിദ്ധപ്പെടുത്തിയ പരിശ്രമശാലി-ഒരുകൊല്ലം ഞങ്ങളെ സംസ്കൃതം പഠിപ്പിച്ചു. ഞാൻ പക്ഷേ, സംസ്കൃതവും ചിത്രമെഴുത്തും ഉപേക്ഷിച്ചു. എം.ജി.എസ്സിന് രണ്ടും പിന്നീട് ഉപകാരപ്പെട്ടു. ചരിത്രഗവേഷകനായിത്തീർന്ന എം.ജി.എസ്സിന് ഉത്തരേന്ത്യൻ ശിലാശാസനങ്ങൾ വായിക്കാൻ സംസ്കൃതവും ചരിത്രസംബന്ധിയായ രേഖാചിത്രങ്ങൾ തയാറാക്കാൻ ചിത്രകലയും കൂട്ടായി.

ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതോടെ ഞങ്ങൾക്ക് നമ്പൂതിരിയെപ്പററി ഒന്നും അറിയാതായി. ഞങ്ങൾ കോഴിക്കോട്ട് സാമൂതിരി കോളേജിൽ ഇന്റർമീഡിയറ്റിനു ചേർന്ന് അയൽക്കാരായി. കോഴിക്കോട്ട് അതേ കോളേജിന്റെ ഹൈസ്കൂളിൽ എം.ജി.എസ്സിന്റെ അമ്മാമനും പഠിക്കുന്നുണ്ടായിരുന്നു. ഇന്നത്തെ ചരിത്രകാരനായ ഡോ. എം. ഗംഗാധരൻ. അക്കാലത്തെ മുഖ്യ ചിന്ത കവിതയെഴുത്തുതന്നെ. ഞങ്ങളുടെ കൈയിൽ ഏറെ വലഞ്ഞത് ടാഗോറാണ്. 'ഗീതാഞ്ജലി'യിലേയും 'ഉദ്യാനപാല'നിലേയും ഒട്ടുമുക്കാലും കവിതകൾ ഞങ്ങൾ പരിഭാഷപ്പെടുത്തി. അവയിൽ ഓരോന്ന്, അന്ന് സാഹിത്യം മാത്രമുണ്ടായിരുന്ന രാഷ്ട്രീയനേതാവായ കെ. ഗോപാലൻ തന്റെ 'ചൈതന്യം' മാസികയിൽ പ്രസിദ്ധീകരിച്ചു. 'ഹൃദയത്തിന്റെ വിശപ്പി'നെക്കുറിച്ച് കേശവദേവും ഗോപാലനും തമ്മിൽ നടന്ന വാദപ്രതിവാദം സജീവവും രസകരവുമായിരുന്നു.

ബി.എയ്ക്കു ഞങ്ങൾ ചെന്നു ചേർന്നത് തൃശ്ശൂർ കേരള വർമ കോളേജിലാണ്. പ്രിൻസിപ്പൽ പി. ശങ്കരൻ നമ്പ്യാർ, മലയാളം അദ്ധ്യാപകരായ ഡി.പി. ഉണ്ണി, എൻ.വി. കൃഷ്ണവാരിയർ, കെ.പി. നാരായണ പിഷാരടി, മലയാള വൃത്തങ്ങളിൽ സംസ്കൃത കവിത എഴുതുന്ന അക്ഷരശ്ലോക വിദഗ്ദ്ധൻ എൻ.ഡി. കൃഷ്ണനുണ്ണി എന്നിവരെ കണ്ട് ആ പുതിയ കോളേജിൽ പഠിക്കാൻ വന്ന വിദ്യാർഥികൾ അന്നേ പേരുള്ള സാഹിത്യകാരന്മാരായിക്കഴിഞ്ഞിരുന്നു. എ.പി.പി. നമ്പൂതിരി, എൻ.എൻ. കക്കാട്, ടി.കെ.സി. വടുതല തുടങ്ങിയവർ അവിടെ വിദ്യാർഥികളാണ്. സീനിയറായി കൊളാടി ഗോവിന്ദൻ കുട്ടി, ജൂനിയറായി സാഹിത്യ രസികനും ഇംഗ്ലീഷിലും മലയാളത്തിലും വാഗ്മിയും പിന്നീട് ഹൈക്കോടതി ജഡ്ജിയുമായ വി. ശിവരാമൻ നായർ, വാഗ്മിയും വാചാലനും പിന്നീട് പട്ടംതാണുപിള്ള മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയേററിൽ ഒരു സെക്രട്ടറിയുമായ ആറന്മുള കേശവൻനായർ ആകെ രസമയം. ഞാനും എം.ജി.എസ്സും കേശവൻ നായരും ലോഡ്ജാക്കി താമസിച്ചിരുന്ന വീട്ടിൽ എല്ലാവരും ഒത്തുചേരും.

ഞാൻ ബി.എ. കഴിഞ്ഞ് 'മാതൃഭൂമി'യിൽ ചേർന്നു എൻ.വി. കൃഷ്ണവാരിയർ അതിനു കുറച്ചുമാസം മുൻപ് അവിടെനിന്ന് അസിസ്റ്റന്റ് എഡിറ്ററായി 'മാതൃഭൂമി' ആഴ്ചപ്പതിപ്പിന്റെ ചുമതല ഏറ്റെടുത്തിരുന്നു. രണ്ടുകൊല്ലം കഴിഞ്ഞ് ഒന്നാം ക്ളാസ്സിൽ ഒന്നാം റാങ്കോടെ എം.എ. പാസ്സായി മദിരാശി സെക്രട്ടേറിയററിൽ റവന്യൂ വകുപ്പിൽ എൽ.ഡി. ക്ളാർക്കായി കുറച്ചുകാലം വലഞ്ഞശേഷം എം.ജി.എസ്സ്. കോഴിക്കോട്ട് പഴയ കോളേജിൽ ചരിത്രാധ്യാപകനായി എത്തി. അപ്പോഴേക്ക് 'മാതൃഭൂമി'യിൽ എം.വി. ദേവനും വന്നു ചേർന്നു കഴിഞ്ഞിരുന്നു. ദേവനിൽനിന്നാണ് നമ്പൂതിരിയെപ്പററി വീണ്ടും അറിയുന്നത്. ആൾ മദിരാശി ആർട്ട് സ്കൂളിൽ പഠിക്കുന്നു. സന്തോഷവാർത്ത! രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ നമ്പൂതിരി 'മാതൃഭൂമി'യിൽ തന്നെ ആർട്ടിസ്ററായി. വീണ്ടും ഞങ്ങളുടെ പുനസ്സമാഗമം. അത് ഒന്നുകൂടി കൊഴിപ്പിച്ചു കോഴിക്കോട്ടെ ഞായറാഴ്ചക്കോലായകൾ. 'മാതൃഭൂമി'വിട്ട് മദിരാശിക്കു പോയിരുന്ന ദേവനായിരുന്നു അതു തുടങ്ങാൻ കാരണം. കോഴിക്കോട്ടേക്കു വരുന്നു, ഒരു കവിത എഴുതിയിട്ടുണ്ട്. അതു വായിച്ചുകേൾക്കാൻ കുറച്ചുപേരുണ്ടായാൽ കൊള്ളാം എന്ന് ദേവൻ മുൻകൂട്ടി അറിയിച്ചിരുന്നു. അതനുസരിച്ച് ഞങ്ങൾ കുറച്ചുപേർ ഒത്തുകൂടി. ദേവൻ വന്നു, കവിത വായിച്ചു. നല്ല പേരും വാങ്ങി തിരിച്ചുപോയി. ഞങ്ങളിൽ ചിലർക്ക് ഒരാശയം- എന്തുകൊണ്ട് ഇത് ഒരു പതിവാക്കിക്കൂടാ. അങ്ങനെയാണ് കോലായയുടെ തുടക്കം. എല്ലാ ഞായറാഴ്ചയും ഒരാളുടെ വീട്ടിലെ കോലായയിൽ കൂടും. ഭക്ഷണം മുഴുവൻ ആ വീട്ടിൽ. രാവിലെ പത്തുമണി മുതൽ രാത്രി പത്തുമണിവരെയാണ് പരിപാടി. എട്ടു പത്തുപേർ ഉണ്ടാവും. അടുത്ത സൗഹൃദവും തുറന്ന വിമർശനവും- അതായിരുന്നു അടിസ്ഥാനം. ആദ്യം വന്ന ചിലരൊക്കെ വിമർശനം സഹിക്കാഞ്ഞ് വിട്ടുപോയി. കുറച്ചു കഴിഞ്ഞപ്പോൾ അക്കിത്തം, ആർ. രാമചന്ദ്രൻ, എൻ. എൻ. കക്കാട്, എൻ.പി. മുഹമ്മദ്, എം.ജി.എസ്സ്. നമ്പൂതിരി, ഡോ. ടി.കെ. രവീന്ദ്രൻ, ഞാൻ എന്നിവർ മാത്രം സ്ഥിരാംഗങ്ങളായി. 'കുട്ടി'കളായിരുന്ന ഇപ്പോഴത്തെ "ഡോ. ആർ. വിശ്വനാഥനും പി.എം. നാരായണനും, രാമചന്ദ്രന്റെയോ കക്കാടിന്റെയോ വീട്ടിൽ കോലായ നടക്കുമ്പോൾ വാതിൽക്കൽ നിന്ന് എത്തിനോക്കും. ഞങ്ങൾ അവരെ വിളിച്ച് സ്വന്തം കവിത ചൊല്ലിക്കും.

"കണ്ടു ഞാൻ നിന്നെ ബസ്സ് സ്റ്റോപ്പിൽ

പ്രിയേ, രാവണ സോദരീ."

എന്നു തുടങ്ങുന്ന നാരായണന്റെ കവിതയും കടലിലെ കണ്ണീർ ബാങ്കായി സങ്കല്പിക്കുന്ന വിശ്വനാഥന്റെ കവിതയുമായി ഓർമ വരുന്നത്.

മഹാഭാരതം വായന, അവനവൻ വായിച്ച പുതിയ പുസ്തകങ്ങളുടെ അവതരണം. പുതിയ യൂറോപ്യൻ - ആഫ്രിക്കൻ കവിതകളുടെ വായന, ചിലപ്പോൾ ഏതെങ്കിലും വിഷയമെടുത്തുള്ള ചർച്ച, സ്വന്തം സൃഷ്ടികൾ വായിച്ച് ശകാരം ഏറ്റുവാങ്ങൾ തുടങ്ങിയവയായിരുന്നു കോലായയിലെ പരിപാടികൾ. സുലഭമായ പരദൂഷണത്തിനു പുറമെ, മററു ചില വിനോദങ്ങളുമുണ്ടാവും.

ഒരുദിവസം എന്റെ കോലായയിൽ ഉച്ചയ്ക്ക് ഊണു കഴിഞ്ഞപ്പോൾ, ഒരു സമസ്യാപൂരണം ആവാമെന്നു നിശ്ചയിച്ചു. പൂരിപ്പിക്കാനുള്ള അവസാനത്തെ വരി 'നാകത്തിലേക്കെന്നെ നയിച്ചിടല്ലെ!' എന്നായിരുന്നു. അക്കിത്തത്തിന്റെ താഴെ കൊടുത്ത പൂരണം കേട്ടപ്പോൾ ഞങ്ങളൊക്കെ ഞങ്ങളുടേതു മറന്നു.

"പറഞ്ഞിടുന്നു പതിനാലുമാറ്റായ്
കുറഞ്ഞൊരക്കാഞ്ചനമിപ്രകാരം.
മൊറാർജി മേലാലവിടുന്നു തൂത്ത-
നാകത്തിലേയ്ക്കെന്നെ
നയിച്ചിടൊല്ല!"

(ധനകാര്യമന്ത്രിയായിരുന്ന മൊറാർജിദേശായ് പണ്ടപ്പിടികകളിൽ പതിനാ

ലു മാറ്റേ പാടൂ എന്ന പരിഷ്കാരം കൊണ്ടുവന്ന കാലമായിരുന്നു)

ഇടയ്ക്കു കോലായയിൽ അതിഥികളുമുണ്ടാവും. അവരിൽ പ്രമുഖൻ കാർട്ടൂണിസ്റ്റും പിന്നീട് വലിയ സിനിമാസംവിധായകനുമായ അരവിന്ദൻ ആണ്. വിപുലമായ ഗ്രന്ഥപരിചയമുള്ള അദ്ദേഹം പക്ഷേ, ചർച്ചയിൽ ഒരുക്ഷരം പറയില്ല. വല്ലാതെ നിർബന്ധിച്ചാൽ ഒന്നു മൂളും. ശരിക്കും ഒരു ആർട്ട് ഫിലിം തന്നെ!

ഞാൻ വീടുണ്ടാക്കിയപ്പോൾ കാലു കഴുകാനും ചെടിക്കു നനയ്ക്കാനും മറ്റുമായി പോർച്ചിന്റെ ഒരറ്റത്തു മൂലയിൽ ഒരു ടാപ്പ് വെച്ചിരുന്നു. അതിനു മറയായി വീതി കുറഞ്ഞ ഒരു ചുവർ കെട്ടി. അതിന്മേലായിരുന്നു ഭിത്തി ശില്പത്തിൽ നമ്പൂതിരിയുടെ അരങ്ങേറ്റം. അരവിന്ദൻ ഒരു ലേഖനത്തിൽ അക്കാര്യം എഴുതിക്കണ്ടിട്ടുണ്ട്. സാരിയിൽ വക്കുകരവരച്ചുണ്ടാക്കുന്ന നമ്പൂതിരിക്കലയുടെ വിദ്യാരംഭവും കോലായയിൽ തന്നെ. ഞാൻ വാങ്ങികൊണ്ടുവന്ന വെള്ളസാരിക്ക് വക്കുകര ചിത്രണം ചെയ്തു. എന്റെ ഭാര്യ അത് ഉടുത്ത് കോലായച്ചങ്ങാതിമാർക്കു കാട്ടി. ഭാര്യയുടെ ആദ്യത്തെയും അവസാനത്തേയും ഫാഷൻഷോ അതായിരുന്നു.

വീണ്ടും പഴയ പൊന്നാനിക്കാലത്തേക്കു തിരിച്ചുപോകട്ടെ. കോളേജിൽ പഠിക്കുന്ന കാലത്ത് ഇടയ്ക്കു പൊന്നാനിയിൽ ചെല്ലുമ്പോൾ സർവോദയ നേതാവ് കേളപ്പജി ഉണ്ടാവും. പണ്ടേ പൊന്നാനിയിൽ വന്നാൽ എന്റെ വീട്ടിലാണ് താമസം. അന്ന് തവന്നൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായിക്കഴിഞ്ഞിട്ടില്ല. അക്കാലത്ത് എന്റെ അനുജന്മാർക്കും അനുജത്തിമാർക്കും രസമാണ്. അവരുടെ കൂടെ കളിക്കും. അവരിൽ ഒരുത്തന്റെ ഓട്ടൻതുള്ളൽ കേളപ്പജിക്കു വലിയ രസമാണ്. ഞങ്ങളുടെ എലിമെന്ററി സ്കൂളിന്റെ വാർഷികത്തിൽ നാലാം വയസ്സിൽ നാടകത്തിലഭിനയിച്ചത് തകഴിയുടെ പ്രശംസ പിടിച്ചുപറ്റിയ നാലുവയസ്സുകാരനായ ഒരു തൊള്ള പൊളിയൻ. ഇപ്പോൾ അമേരിക്കയിലാണ്. നാടകത്തിൽ കഥാപാത്രം ഒരു ഘട്ടത്തിൽ ബീഡി വലിക്കണം. അവൻ അതു ചെയ്യുന്നില്ല. സൈഡ് കർട്ടനു മറവിൽ നിൽക്കുന്ന അമ്മാമൻ 'വലിയ്ക്കെടാ' എന്ന് ഓർമിപ്പിച്ചു. അവൻ ഉറക്കെത്തന്നെ, 'കുട്ടപ്പമ്മാമ എന്താ പറയണ്. അച്ചരൻ മുമ്പിലിരിക്കുന്നുണ്ട്.' സദസ്യർ ആസ്വദിച്ചു. വീട്ടിന്റെ അവന്റെ ഓട്ടൻ തുള്ളൽ കണ്ട് ഒരുദിവസം കേളപ്പജി അവന് ഓട്ടൻതുള്ളൽ പുസ്തകങ്ങൾ കൊണ്ടുവന്നുകൊടുത്തു.

ഒരുദിവസം കേളപ്പജിക്ക് പൊന്നാനിയിൽനിന്ന് ഇരുപത് നാഴിക ദൂരെയുള്ള ഒരു സ്ഥലത്ത് രാഷ്ട്രീയ സമ്മേളനമുണ്ടായിരുന്നു. കൂടെ അമ്മാമനും ഞാനും പോയി. ഉച്ചയ്ക്ക് മടക്കം അരിച്ചാക്കു നിറച്ച ഒരു ലോറിയുടെ പുറത്തായിരുന്നു. ആ യാത്രയിൽ ചങ്ങമ്പുഴക്കവിത ചർച്ചാവിഷയമായി. കേളപ്പജി ചങ്ങമ്പുഴയെ വിമർശിക്കുന്നു. ഞങ്ങൾ അതിനെ എതിർക്കുന്നു. അരിച്ചാക്കിന്മേലിരുന്ന് നട്ടവെയിലത്ത് ആവേശത്തോടെ തർക്കിക്കുന്ന കേളപ്പജിയുടെ ചിത്രം ഞാൻ ഇന്നും ഓർക്കുന്നു. മറ്റൊന്നും ഓർക്കുന്നുണ്ട്. മുപ്പതുകളിൽ കേളപ്പജി 'മാതൃഭൂമി' പത്രാധിപരായിരിക്കുമ്പോഴാണ് 'മാതൃഭൂമി' ആഴ്ചപ്പതിപ്പിന്റെ വിശേഷപ്പെട്ട വിശേഷാൽ പ്രതികളിൽ പലപ്പോഴും ആദ്യത്തേതായിത്തന്നെ ചങ്ങമ്പുഴക്കവിതകൾ കൊടുത്തിരുന്നത്. ഉള്ളൂരും വള്ളത്തോളും ശങ്കരക്കുറുപ്പുമൊക്കെ നിറഞ്ഞുനിൽക്കുന്ന കാലമാണെന്നോർക്കണം. വീട്ടിൽ തിരിച്ചെത്തി പോകാൻ നേരത്ത് അദ്ദേഹം എന്നോടു പറഞ്ഞു: എടോ, ചങ്ങമ്പുഴയുടെ പുസ്തകങ്ങൾ ഉണ്ടെങ്കിൽ താ - ഞാൻ ഒന്നുകൂടി വായിച്ചു നോക്കട്ടെ. ഞാൻ എല്ലാം എടുത്തുകൊടുത്തു. ഇടശ്ശേരിയുടെ 'കൂട്ടുകൃഷി'ക്ക് 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ ആസ്വാദനമെഴുതിയത് കേളപ്പജിയാണ്; ബഷീറിന്റെ 'മുച്ചീട്ടു കളിക്കാരന്റെ മകൾ'ക്ക് നിരൂപണവും.

ഞാൻ ഇടയ്ക്കൊക്കെ ചെന്ന് ഇടശ്ശേരിസദസ്സിൽ ചേരും. കൃഷ്ണപ്പണിക്കർ വായനശാലയാണ് താവളം. ഇടശ്ശേരിയുടെ നാടകങ്ങളിലെ ഉറൂബും എന്റെ അമ്മാമനും അരങ്ങു തകർക്കുന്ന കാലം. 'കൂട്ടുകൃഷി'ക്കും മറ്റും മലബാറിലാകെ അരങ്ങുകൾ കിട്ടി. ചിലപ്പോൾ ഞാനും നാടകസംഘത്തോടൊപ്പം പോവും. പല ഭാഗത്തുമായി കഴിഞ്ഞിരുന്ന സ്ഥിരം നടന്മാരൊക്കെ പറഞ്ഞ സ്ഥലത്ത് പറഞ്ഞ സമയത്ത് എത്തിച്ചേരും. ആർക്കെങ്കിലും വരാൻ കഴിയാതിരുന്നാൽ മറ്റൊരാൾ ആ വേഷമെടുക്കും. ഉറൂബ് എത്താഞ്ഞാൽ എന്റെ അമ്മാമൻ 'അബൂബക്കർ' ആവും. ഒരുതവണ 'പറങ്ങോടൻ നായർ' വന്നില്ല. ഇടശ്ശേരി തന്നെ ആ വേഷം കെട്ടി. ഇടശ്ശേരി തന്നെയായിരുന്നു പ്രോംപ്ടറും. പ്രേംപ്റ്റ് ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് 'പറങ്ങോടൻ നായർ' രംഗത്തുവരേണ്ടിവന്നത്. ആ നാടൻ കൃഷിക്കാരൻ അങ്ങനെ ഒരു കൈയിൽ മുടിങ്കോലും മറ്റേ കൈയിൽ 'കൂട്ടുകൃഷി'പ്പുസ്തകവുമായി അരങ്ങത്തെത്തി! കോഴിക്കോട് നാടകോത്സവത്തിൽ കൃഷ്ണപണിക്കർ വായനശാല ഒരു ഏകാങ്കം അവതരിപ്പിച്ചപ്പോൾ, അതിൽ എന്റെ അമ്മാമന്റെ അഭിനയം കണ്ട, ജഡ്ജിമാരായിരുന്ന സിനിമാനടൻ സത്യൻ, സി.ജെ. തോമസ്, കെ. ബാലകൃഷ്ണൻ എന്നിവർ അദ്ഭുതപ്പെട്ടുപോയി.

ഒരിക്കൽ പൊന്നാനിയിലെ ഏതോ സംഘടന ടിക്കറ്റുവെച്ച് എൻ. കൃഷ്ണപിള്ളയുടെ 'അനുരഞ്ജനം' കളിപ്പിച്ചു. തിരുവനന്തപുരത്തുനിന്നുള്ളതായിരുന്നു നാടകസംഘം. പൊന്നാനിയിലുണ്ടോ അന്ന് 'അനുരഞ്ജനം' കണ്ടു രസിക്കുന്നവർ! വലിയ വിലയ്ക്കാണ് ടിക്കറ്റ് വിറ്റിരുന്നത്. രംഗങ്ങൾ തുടരുംതോറും സദസ്സിനു മുഷിഞ്ഞു തുടങ്ങി. സംഘാടകർക്ക് പരിഭ്രമമായി. നാടകം കണ്ടുകൊണ്ടിരുന്ന അമ്മാമനെയും ഉറൂബിനെയും വിളിച്ച് സങ്കടം പറഞ്ഞു. വഴിയുണ്ടാക്കാമെന്നായി അമ്മാമൻ. എന്തുവഴി? ഉറൂബ് നോക്കുകൊണ്ട് ചോദിച്ചു. ഒരു നാടകം കൂടി ഉണ്ടെന്ന് അവസാന രംഗത്തിനു മുൻപ് മൈക്കിൽ വിളിച്ചുപറയാൻ അമ്മാമൻ നിർദേശം കൊടുത്തു.

ഉറൂബിനെ പുറത്തേക്കു കൊണ്ടുപോയി അമ്മാമൻ പറഞ്ഞു. രണ്ടു കഥാപാത്രങ്ങൾ മാത്രമുള്ള ഒരു കഥ ഉടൻ മനസ്സിൽ കാണൂ. ആ രണ്ടു കഥാപാത്രങ്ങളെ നാം രണ്ടുപേർ അരങ്ങത്ത് അവതരിപ്പിക്കുന്നു. കഥ പറഞ്ഞുതരൂ. ആ കഥ നാം കഥാപാത്രങ്ങളായി പറഞ്ഞ് അവതരിപ്പിക്കുന്നു. ഇനി സ്റ്റേജിൽ കാണാം. അങ്ങനെ രണ്ടുപേരും അപ്പപ്പോൾ യുക്തം പോലെ പറഞ്ഞ് കഥ മുന്നോട്ടുകൊണ്ടുപോയി നാടകം പൂർത്തിയാക്കി. ആകെ ഉണർന്നു കഴിഞ്ഞ സദസ്സ് കാശ് മുതലായ തൃപ്തിയോടെ പിരിഞ്ഞു.

ഒരുദിവസം ഇടശ്ശേരി അമ്മാമനെ കണ്ട് പറയുന്നു. കുറുപ്പേട്ടാ, 'കൂട്ടുകൃഷി' പുസ്തകമാക്കാൻ എൻ.ബി. എസ്സ് ആവശ്യപ്പെട്ടിരിക്കുന്നു. മറ്റന്നാൾ സ്ക്രിപ്റ്റ് എത്തിക്കണം. എന്റെ കൈയിലാണെങ്കിൽ, കാണുന്നുമില്ല. ആരോ കൊണ്ടുപോയി കൈമാറി കൈമാറി നഷ്ടപ്പെട്ടതാവണം.

വഴിയുണ്ടാക്കാമെന്നും താൻ ഒന്നു വീട്ടിൽപോയി രണ്ടുമണിക്കൂർകൊണ്ട് എത്താമെന്നും കേട്ടെഴുതാൻ നാലുപേരെ അപ്പോഴേയ്ക്ക് ഒരുക്കിയിരുത്തണമെന്നും പറഞ്ഞ് അമ്മാമൻ പോയി. തിരിച്ചുവന്നപ്പോൾ എഴുത്തുകാർ റെഡി. അമ്മാമന് അഭിനയിച്ച നാടകങ്ങളൊ

ക്കെ വള്ളിപുള്ളി വ്യത്യാസമില്ലാതെ മനപ്പാഠമായിരുന്നു - രംഗനിർദേശങ്ങൾ പോലും. അങ്ങനെ പുലരുമ്പോഴേയ്ക്ക്, നാടകം മുഴുവൻ അമ്മാമന്റെ ഓർമയിൽ നിന്നു വാർന്നു വീണു. ഇതിനു പുറമെ ഇടശ്ശേരിയുടെ രണ്ട് ഏകാങ്കങ്ങൾ പ്രസിദ്ധീകരിച്ചതും അങ്ങനെയാണ്.

ഒരിക്കൽ അമ്മാമൻ ഒരു സാഹസം ചെയ്തു. വീടിനടുത്തുള്ള എലിമെന്ററി സ്കൂളിന്റെ വാർഷികത്തിന് കുട്ടികളെക്കൊണ്ട് 'കൂട്ടുകൃഷി' അവതരിപ്പിച്ചു. ഇടശ്ശേരിക്കു ഭയമായി. നടീനടന്മാർ എന്റെ രണ്ട് അനുജന്മാരും അനുജത്തിയും അമ്മാമന്റെ രണ്ട് ആൺ മക്കളും മകളും പിന്നെ അടുത്തുള്ള കുറച്ചു കുട്ടികളും. എല്ലാവരും ഒൻപതു മുതൽ പതിമൂന്നുവരെ വയസ്സ് പ്രായമുള്ളവർ. ആ സ്കൂളിലെ വിദ്യാർത്ഥികൾ അല്ലെങ്കിൽ പൂർവ വിദ്യാർഥികൾ. നാടകം കണ്ട് അദ്ഭുതംകൊണ്ട് കണ്ണു വിടർന്ന ഇടശ്ശേരി പറഞ്ഞു. ഇതുവരെ എന്റെ നാടകം കണ്ട് അദ്ഭുതംകൊണ്ട് കണ്ണു വിടർന്ന ഇടശ്ശേരി പറഞ്ഞു. ഇതുവരെ എന്റെ നാടകാവതരണത്തിലെ തരക്കേടെന്തെന്ന് ഇപ്പോഴാണ് മനസ്സിലായത്. ബാപ്പു എന്ന കഥാപാത്രം രണ്ടു മൂന്നു രംഗങ്ങളിലേ ഉള്ളൂ. അതുകൊണ്ട് ആരെക്കൊണ്ടെങ്കിലും ആ ഭാഗം അഭിനയിപ്പിക്കാറാണ്. കഥാഗതി തിരിച്ചു വിടുന്നതും ഏറ്റവും വികാരനിർഭരവുമായ രംഗങ്ങളാണ് ആ രണ്ടു മൂന്നെണ്ണം. ഇതുവരെ ബാപ്പു ശോഭിക്കാത്തതായിരുന്നു കുഴപ്പം. ഇന്നത്തെ നാടകത്തിലെ കുട്ടിയുടെ ഇരമ്പുന്ന അഭിനയം കണ്ടപ്പോഴാണ് അതു മനസ്സിലായിത്.

അന്ന് അഭിനയിച്ചു തകർത്ത ആ കുട്ടി കോൺഗ്രസ്സ് നേതാവും മുൻപ എം.പിയും ഇപ്പോൾ പൊന്നാനി മുനിസിപ്പൽ ചെയർമാനുമായ സി. ഹരിദാസ് ആയിരുന്നു.

പിന്നീട് വലിയവർ കൂട്ടുകൃഷി അവതരിപ്പിക്കുമ്പോൾ ഇടശ്ശേരി കോഴിക്കോട്ടുനിന്ന് 'നല്ല മുഖം' പദ്മനാഭനെ-കുഞ്ഞാണ്ടിയോടൊപ്പം കോഴിക്കോട്ടെ അരങ്ങുകളിൽ നിറഞ്ഞുനിന്ന, 'രാരിച്ചൻ എന്ന പൗരൻ' എന്ന സിനിമയിലെ കാമുകൻ പദ്മനാഭൻ - വരുത്തും. ഇപ്പോൾ കസ്റ്റംസിൽ നിന്ന് റിട്ടയർ ചെയ്ത് കൊച്ചിയിൽ കഴിയുന്നു.

'കുറുപ്പേട്ടൻ' ഇടശ്ശേരിക്കും ഉറൂബിനും എന്നും എന്തിലും താങ്ങും തണലുമായിരുന്നു. ഇടശ്ശേരി 'കൂട്ടുകൃഷി'യും ഉറൂബ് 'കുഞ്ഞമ്മയും കൂട്ടുകാരും' എന്ന കൃതിയും സമർപ്പിച്ചിട്ടുള്ളത് അമ്മാമനാണ്. അമ്മാമൻ മരിച്ചപ്പോൾ ഇടശ്ശേരി 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ ഒരു കവിതയും എഴുതി.